മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട ബാലൻ സൂചിപ്പിച്ചതു പോലെ ഹരീഷ് ആൽവേ ആദ്യം കേന്ദ്ര ഗവൺമെന്റിനു വേണ്ടി ഈ കേസിൽ സുപ്രീംകോടതിയിൽ ഹാജരായ വക്കീലാണ്. ഇത്തവണ അദ്ദേഹം മറ്റവർക്കു വേണ്ടി ഹാജരാകുന്നു. നമ്മുടെ കേസിൽ ഇത്തവണ ഹാജരാകുന്നത് അഡ്വക്കേറ്റ് വേണുഗോപാലാണ്.

മി. സ്പീക്കർ : അങ്ങനെയാണെങ്കിൽ അതു തെറ്റാണ്. നമ്മുടെ രേഖകൾ അദ്ദേഹം പഠിച്ചശേഷം പിന്നീട് പ്രതിക്കുവേണ്ടി ഹാജരാകുന്നത് തെറ്റാണ്. You can give a petition. ബാർ കൗൺസിലിൽ പെറ്റീഷൻ കൊടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇങ്ങനെയുള്ള നിലപാട് സ്വീകരിക്കുന്ന നിയമവകുപ്പിനെപ്പറ്റി ആലോചിക്കേണ്ടതാണ്. നിങ്ങളെ കുളത്തിലിറക്കുകയാണ് നിയമവകുപ്പു ചെയ്യുന്നത്.

മി. സ്പീക്കർ : What about the resolution.., എടുക്കാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എടുക്കാം.

മി. സ്പീക്കർ : പ്രതിപക്ഷനേതാവില്ല. മൂവ് ചെയ്യുന്നതേയുള്ളൂ. പ്രസംഗം വേണ്ട. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞാലും മതി..... ഹൗസിന്റെ ധാരണയനുസരിച്ചുള്ള റെസല്യൂഷനാണ്.

VI പ്രമേയം

അഡ്വാൻസ് ലൈസൻസ്വഴി ഡ്യൂട്ടിയില്ലാതെയുള്ള റബ്ബർ ഇറക്കുമതി നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന ആവശ്യം

ശ്രീ. ഉമ്മൻചാണ്ടി : സർ, "അഡ്വാൻസ് ലൈസൻസ് വഴി ഡ്യൂട്ടിയില്ലാതെ റബ്ബർ ഇറക്കുമതി ചെയ്യുവാനുള്ള നിരോധനം പിൻവലിച്ചുകൊണ്ടുള്ള ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ (ഡി.ജി.എഫ്.റ്റി.) 2003 ജൂലൈ 3-ാം തീയതിയിലെ വിജ്ഞാപനം വൻതോതിൽ റബ്ബർ ഇറക്കുമതിക്ക് വഴി തെളിക്കുമെന്നുള്ളതുകൊണ്ടും തന്മൂലം റബ്ബറിന്റെ ആഭ്യന്തര വിപണിയിലെ വില ഗണ്യമായി കുറയുമെന്നുള്ളതുകൊണ്ടും ഇത് റബ്ബർ കർഷകരെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുമെന്നുള്ളതിനാലും കേന്ദ്ര നയത്തിൽ പ്രതിഷേധിക്കുന്നതോടൊപ്പം കർഷക താൽപ്പര്യം സംരക്ഷിക്കപ്പെടുവാനായി, അഡ്വാൻസ് ലൈസൻസ്വഴി ഡ്യൂട്ടിയില്ലാതെയുള്ള റബ്ബർ ഇറക്കുമതി നിരോധിച്ചുകൊണ്ട് അടിയന്തരമായി കേന്ദ്ര വാണിജ്യവകുപ്പു വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഐകകണ്ഠേന അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു. സർ, ഈ പ്രമേയം സഭ ഐകകണ്ഠേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രശ്നം സഭയുടെ എല്ലാ ഭാഗത്തു നിന്നും വളരെക്കാലമായി പ്രതികരണം ഉണ്ടാക്കുകയും അങ്ങു തന്നെ ഇങ്ങനെയൊരു പ്രമേയം പാസ്സാക്കുന്നതിന് അനുകൂലമായ അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇങ്ങനെയൊരു പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ഉത്തരവ് എത്രയും വേഗം പിൻവലിക്കുന്നില്ലെങ്കിൽ വൻതോതിൽ റബ്ബർ ഇറക്കുമതി ഉണ്ടാകും. കഴിഞ്ഞ 3 കൊല്ലത്തെ കണക്ക് അനുസരിച്ചാണെങ്കിൽ 1,20,000 ടൺ റബ്ബർ വരെ ഇറക്കുമതി ചെയ്യാൻ സാധിക്കും. അതുകൊണ്ട് എത്രയും വേഗം ഈ നിരോധനം വീണ്ടും ഏർപ്പെടുത്താൻ എല്ലാ സമ്മർദ്ദവും സംസ്ഥാന ഗവൺമെന്റ് നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന ഒരു നയത്തിന്റെ ഫലമായിട്ടാണ് ഇപ്പോൾ ഈ തീരുമാനം പുറത്തു വന്നിരിക്കുന്നത്. കേന്ദ്ര നയം ഇങ്ങനെ തുടരുന്നിടത്തോളം കാലം ഇടയ്ക്കിടെ ഈ പ്രശ്നം നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കും. റബ്ബറിന് ഇടക്കാലത്ത് വില വർദ്ധിച്ചു. റബ്ബർ ഇറക്കുമതി ഇനിയും തുടരുകയാണെങ്കിൽ വില ഗണ്യമായി കുറയുമെന്നുള്ളതാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്. ലക്ഷക്കണക്കിന് റബ്ബർ കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്ന ഒരു നിലപാട് ആണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്ര നയത്തിൽ മാറ്റം വരുത്തുന്നതിനാവശ്യമായ് ഇടപെടലാണ് വേണ്ടത്. ആ തരത്തിൽ സംസ്ഥാനത്തിന്റെ മൊത്തം വികാരം, കേരളത്തിലെ കൃഷിക്കാരുടെയാകെ വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ഈ പ്രമേയം അയയ്ക്കുന്നതോടൊപ്പം കേരളത്തിന്റെ സർവ്വകക്ഷി നിവേദകസംഘം ഡൽഹിയിൽ പോയി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും വികാരം എന്താണെന്നു കാണിച്ച് ആ നിലപാടിൽ നിന്ന് കേന്ദ്രത്തെ പിൻതിരിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ഈക്കാര്യത്തിൽ കേരളത്തിലോ സഭയിലോ രണ്ടഭിപ്രായം ഇല്ല. കഴിഞ്ഞ ദിവസം കൂടിയ എം.പി.-മാരുടെ യോഗത്തിലും ഏകകണ്ഠമായി കേന്ദ്രഗവൺമെന്റിന്റെ പുതിയ നയത്തിനെതിരായിട്ടുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. പാർലമെന്റിൽ അവർ ഉന്നയിക്കാൻ പോകുകയാണ്. സംസ്ഥാന ഗവൺമെന്റ് ഈ പ്രശ്നം അതിന്റെ ഗൗരവത്തോടുകൂടി ഏറ്റെടുക്കും. ഗവൺമെന്റ് എല്ലാ സമ്മർദ്ദവും കേന്ദ്രത്തിൽ ചെലുത്തും. ഈ സഭയിൽ പാസ്സായിക്കഴിഞ്ഞാൽ കേന്ദ്രത്തിൽ പ്രമേയം അയച്ചുകൊടുക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധികളെ കേരളത്തിന്റെ ഈ കാര്യത്തിലുള്ള വികാരം അറിയിക്കുകയും ചെയ്യും. ഈ കാര്യത്തിൽ കേരളം ഒറ്റക്കെട്ടാണ്. ഈ സഭ ഒറ്റക്കെട്ടാണ്. അതുകൊണ്ട് ഇത് ഏകകണ്ഠമായി പാസ്സാക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. സ്പീക്കർ : Yes, so the resolution is unanimously adopted.

LIBRARY ARCHIVES Kerala Legislative Assembly